ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റു ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 69 റവന്യൂ വില്ലേജുകളിലേക്കുകൂടി ഇ.എസ്.ഐ. സ്കീം വ്യാപിപ്പിക്കുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇ.എസ്.ഐ. സ്കീമിൽ നിലവിൽ 2,58,478 (രണ്ടുലക്ഷത്തി അൻപത്തി യെണ്ണായിരത്തി നാനൂറ്റി എഴുപത്തിയെട്ട്) ഇൻഷുർ ചെയ്യപ്പെട്ട തൊഴിലാളികൾ ഉണ്ട്.

(സി) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനുകീഴിൽ നിലവിൽ 137 ഡിസ്പെൻസറികൾ, 13 ആശുപത്രികൾ (ഇതിൽ ആശ്രാമം ഇ.എസ്.ഐ. മോഡൽ ഹോസ്പിറ്റൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ്) 10 ആയുർവേദ യൂണിറ്റുകൾ, 14 ഹോമിയോ യൂണിറ്റുകൾ മുതലായവ പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള ഒഴിവുകളുടെ എണ്ണം താഴെ പറയുംപ്രകാരമാണ്:

ഡോക്ടർമാർ	..	150
സ്റ്റാഫ് നഴ്സ്	..	3
പാരാമെഡിക്കൽ സ്റ്റാഫ്	..	41
മറ്റു ജീവനക്കാർ	..	17

ഇ. എസ്. ഐ. ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് യഥാസമയം നൽകുന്നതിന് നടപടി

68 [530] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നില്ലെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളികളുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൊഴിലാളികളുടെ ചികിൽസയ്ക്ക് അനുവദിക്കുന്ന മെഡിക്കൽ അഡ്വാൻസുകൾ ലഭ്യമാക്കുന്നതിന് ഇപ്പോൾ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഫണ്ടിന്റെ അപര്യാപ്തതയും അപേക്ഷകളുടെ ബാഹുല്യവും കാരണം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് ബന്ധപ്പെട്ട ഡിസ്പെൻസറി ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) നിലവിലുള്ള നടപടിക്രമങ്ങളിൽ ഭേദഗതി വരുത്തേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

ഇ. എസ്. ഐ. അംഗങ്ങൾക്കുള്ള റീ-ഇംപേഴ്സ്മെന്റ്

69 [531] *ശ്രീ. എ. എ. അസീസ്:*

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ.യിൽ അംഗങ്ങളായ തൊഴിലാളികൾക്ക് റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ എത്ര രൂപ കുടിശ്ശിക നൽകുവാനുണ്ട്;

(ബി) ഈ തുക എന്നത്തേക്ക് നൽകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും കൊടുത്തുതീർക്കാവുന്നതാണ്.

ടെക്നോപാർക്കിൽ ഇ.എസ്.ഐ. ആശുപത്രി

70 [532] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി ഐ.റ്റി. കമ്പനികളും വ്യവസായ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന കഴക്കൂട്ടം ടെക്നോപാർക്കിൽ ഒരു ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly